**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1335** **11.06.2019 -ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.അനിൽ അക്കര** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) വിദ്യാഭ്യാസരംഗത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രവർത്തനങ്ങൾ ഡിജിറ്റൽ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. സ്കൂൾ അഡ്മിഷൻ മുതൽ ക്ലാസ് പ്രൊമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രവർത്തനങ്ങളും കലോത്സവം, ശാസ്ത്രോത്സവം, കായികോത്സവം തുടങ്ങിയ പ്രവർത്തനങ്ങളും ഇതിനോടകം തന്നെ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടപ്പിലാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| ബി) ഒന്നു മുതൽ ഏഴ് വരെയുള്ള പ്രൈമറി, അപ്പർ പ്രൈമറി സ്ക്കൂളുകളിൽ ഹൈടെക് ലാബ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;ഉണ്ടെങ്കിൽ ഇതിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയാണ്. പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇവ കൂടാതെ മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവയ്ക്കുള്ള ടെണ്ടർ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| സി) ഈ പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നറിയിക്കാമോ? | സി) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**